**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം**

**നം. 4384** — **13.11.2019-ൽ മറുപടിയ്ക്ക്**

**കാവാരിക്കുളം കണ്ടൻ കുമാരന് സ്മാരക മന്ദിരം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) വിദ്യാഭ്യാസ പ്രവർത്തകനും സാമൂഹിക പരിഷ്കർത്താവും നവോത്ഥാനനായകനും ശ്രീമൂലം പ്രജാസഭാംഗവും ആയിരുന്ന കാവാരിക്കുളം കണ്ടൻ കുമാരന്റെ സ്മരണയ്ക്കായി അദ്ദേഹത്തിന്റെ ജന്മനാട്ടിൽ ഏതെങ്കിലും തരത്തിലുള്ള സ്മാരകമന്ദിരം നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ , വ്യക്തമാക്കാമോ ; | (എ) ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ പ്രവർത്തിക്കുന്ന സാംബവ മഹാസഭയുടെ നേതൃത്വത്തിൽ കാവാരിക്കുളം കണ്ടൻ കുമാരന്റെ സ്മരണാർത്ഥം ഒരു സ്മാരകം നിർമ്മിക്കുന്നതിന് പ്രസ്തുത സംഘടനയ്ക്ക് 2014-15 സാമ്പത്തിക വർഷത്തിൽ 30.03.2015-ലെ സ. ഉ. (സാ. ധാ) നമ്പർ. 193/2015/സാം.കാ.വ പ്രകാരം 2,00,000/- രൂപ സർക്കാർ ധനസഹായം അനുവദിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത സംഘടന അധികൃതർ സ്മാരകം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാത്തതിനാൽ പ്രസ്തുത തുക അടിയന്തിരമായി സർക്കാരിൽ തിരിച്ചടയ്ക്കുവാൻ സംഘടന ജനറൽ സെക്രട്ടറിയോട് 01.03.2017-ൽ ആവശ്യപ്പെടുകയുണ്ടായി.<br>നിലവിൽ കാവാരിക്കുളം കണ്ടൻ കുമാരന്റെ സ്മാരകം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) കാവാരിക്കുളം കണ്ടൻ കുമാരനെക്കുറിച്ചുള്ള വിവരങ്ങൾ കേരള നവോത്ഥാന ചരിത്രത്തിന്റെ ഭാഗമായി സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ സാംസ്കാരിക വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ ? | (ബി) സംസ്ഥാനത്ത് നിലവിലെ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പിലെ സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതിയുടെ (എസ്. സി. ഇ. ആർ. ടി) നേതൃത്വത്തിൽ നടന്നു വരുന്നു. പാഠ്യപദ്ധതി പരിഷ്കരണ വേളയിൽ, സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെ പരിശോധനക്കും അംഗീകാരത്തിനും വിധേയമായാണ് പാഠങ്ങൾ ഉൾച്ചേർക്കുന്നത്. നിലവിലെ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്ന വേളയിൽ ശ്രീ. കാവാരിക്കുളം കണ്ടൻ കുമാരനെക്കുറിച്ചുള്ള വിവരങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ നവോത്ഥാന ചരിത്രത്തിന്റെ ഭാഗമായി ഉൾച്ചേർക്കുന്ന കാര്യം പരിശോധിക്കുന്നതാണ് എന്ന് സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ